(ബി) കെട്ടിടം അപകടനിലയിലാണെന്നു് ഉത്തരവാദപ്പെട്ടവർ റിപ്പോർട്ട ചെയ്തിട്ടുണ്ടോ ;

(സി) പുതിയ സ്കൂൾകെട്ടിടം പണിയുന്നതിനു ഗവണ്മെൻറ എന്തു നടപടി സ്വീകരിച്ചുവരുന്നു; എന്നു് പൂർത്തിയാക്കുവാൻ സാധിക്കും;

(ഡി) പുതിയ കെട്ടിടം പണി തീരുന്നതുവരെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം എങ്ങിനെ നിർവ്വഹിക്കുവാനാണു് ഏർപ്പാട ചെയ്തിരിക്കുന്നതു് ?

ഉത്തരം.

(എ) അതേ.

(ബി) ഉണ്ടു്.

(സി) പുതിയ കെട്ടിടം പണിയുവാൻ സത്വര നടപടികൾ എടുത്തുകൊണ്ടിരിക്കുന്നു. താമസിയാതെ പൂർത്തിയാക്കുവാൻ സാധിക്കും.

(ഡി) പുതിയ കെട്ടിടം തീരുന്നതുവരെ ഇപ്പോഴത്തെ കെട്ടിടത്തിൽത്തന്നെ അദ്ധ്യയനം തുടരും.

തൊഴിലില്ലായ്മയ്ക്കു് പ്രത്യേകം പരിഗണന.

149. [19] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

തിരുവിതാംകൂർ-കൊച്ചിക്കു രണ്ടാംപഞ്ചവത്സരപദ്ധതിയിൽ പ്രത്യേകം പരിഗണന നൽകണം എന്നു ഈ ഗവണ്മെൻറ് പ്ലാനിംഗ് കമ്മീഷൻ മുമ്പാകെ നിവേദനം സമർപ്പിച്ചിട്ടുണ്ടോ?

ഉത്തരം.

ഉണ്ടു്.

പ്രൈമറി സ്കൂൾ കെട്ടിടം പണി.

150. [20] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നരുകുമോ :

(എ) പത്തനംതിട്ട താലൂക്കിൽ, കോഴഞ്ചേരി പ്രൈമറി സ്കൂൾ ഡിസ്ട്രിക്റ്റിൽപ്പെട്ട കോഴഞ്ചേരി ഈസ്റ്റ് പ്രൈമറി സ്കൂൾ കെട്ടിടം പണിയുന്നതിനുള്ള നടപടികൾ എങ്ങനെ ഇരിക്കുന്നു;

(ബി) ഇപ്പോൾ ടി സ്കൂൾ ഇരിക്കുന്ന വാടകക്കെട്ടിടത്തിൽ നിന്നും ഗവണ്മെൻറുവക കെട്ടിടത്തിലേക്കു ടി സ്കൂൾ മാറ്റുന്നതിനു ടി സ്കൂൾകെട്ടിടം ഉടൻതന്നെ പണി തീർക്കുമോ?

ഉത്തരം.

(എ) കെട്ടിടം പണിയുന്നതിനുള്ള നടപടികൾ ഊർജ്ജിതത്തിൽ നടക്കുന്നുണ്ടു്.

(ബി) കഴിയുന്നതും വേഗം പണി തീർക്കുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly